**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** — **07-07-2022 - ൽ മറുപടിയ്ക്ക്**

**മസ്റ്ററിംഗിന് വാതിൽപ്പടി സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എൺപത് വയസ് കഴിഞ്ഞ പെൻഷൻകാർക്ക് ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള വാതിൽപ്പടി സേവനത്തിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കുമെന്നുള്ള കണക്ക് നൽകാമോ? | (എ) | 30/06/2022 ന് 80 വയസ്സ് കഴിഞ്ഞയാളുകൾ **37637 പേർ ഉണ്ടെന്നും ഓരോ മാസം കഴിയും തോറും 80 വയസ്സ് കഴിഞ്ഞവരുടെ എണ്ണം കൂടി വരുന്നതായും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യുവുന്നതാണ്.**<br><br>ട്രഷറിയിൽ നേരിട്ട് ഹാജരായി<br><br>ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്<br><br>ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്<br><br>വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി<br><br>Postinfo App ഉപയോഗിച്ച്<br><br>**മേൽ പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതാത് ട്രഷറി ഓഫസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകുന്ന വിഷയം 1544002 PWC-A1/27/2020-FIN എന്ന ഫയലിൽ പരിശോധിച്ച് വരുന്നു. ശയ്യാവലംബരായ എല്ലാ ആളുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ